## കേരള സർക്കാർ

### ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി JANUARY | 10 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

### തിരക്ക് നിയന്ത്രിക്കാൻ മുന്നൊരുക്കങ്ങൾ

മകരവിളക്കിന്റെ ഭാഗമായുള്ള തിരക്ക് നിയന്ത്രിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ മുന്നൊരുക്കങ്ങൾ സ്വീകരിക്കാൻ ദേവസ്വം ഗസ്റ്റ് ഹൗസിൽ ചേർന്ന സന്നിധാനത്തെ വിവിധ വകുപ്പ് തലവന്മാരുടെ യോഗം തീരുമാനിച്ചു. ബാരിക്കേഡുകളുടെയും വെളിച്ച സംവിധാനങ്ങളുടെയും ക്രമീകരണം എത്രയും വേഗം പൂർത്തിയാക്കും. മകര ദർശനം കഴിഞ്ഞ് ഭക്തർ തിരിച്ചിറങ്ങുന്ന വഴികൾ വൃത്തിയാക്കും. മകരവിളക്ക് ദർശിക്കുന്നവർക്ക് സോപാനത്ത് നിൽക്കുന്നതിന് കൃത്യമായ നിയന്ത്രണ സംവിധാനം ഉണ്ടാകും.

സന്നിധാനത്തെ പല ഹോട്ടലുകളിലും അഗ്നിശമന സേന നടത്തിയ പരിശോധനയിൽ പരിധിയിൽ അധികം ഗ്യാസ് സിലിണ്ടർ സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തി. ഇവരോട് അധിക സിലിണ്ടറുകൾ ഗ്യാസ് ഹൗസിലേക്ക് നീക്കാനോ കടയുടെ പുറകിൽ അകലെ തുറസ്സായ സ്ഥലത്ത് സുരക്ഷിതമായി സൂക്ഷിക്കാനോ നിർദേശം നൽകി. തീപിടിക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി എയർ എക്സ്റ്റിൻഗ്വിഷർ സ്ഥാപിക്കും. 12, 13, 14, 15 തിയ്യതികളിൽ വരാവുന്ന തിരക്ക് കണക്കിലെടുത്ത് കുടിവെള്ള വിതരണം കൂടുതൽ കാര്യക്ഷമമാക്കും. ദേവസ്വം ബോർഡ് ഭക്തർക്ക് ബിസ്ക്കറ്റും കുടിവെള്ളവും എത്തിക്കും. എക്സൈസ് വരും ദിവസങ്ങളിൽ കൂടുതൽ പരിശോധന നടത്തും. ഇതുവരെ പുകയില നിയന്ത്രണ നിയമപ്രകാരം 85 കേസുകൾ(കോട്പാ)എക്സൈസ് വകുപ്പ് എടുത്തിട്ടുണ്ട്. പേവിഷബാധയ്ക്കെതിരെയുള്ള മരുന്നും പാമ്പ്കടിയേറ്റവർക്കുള്ള ആന്റിവെനവും കരുതൽ ശേഖരത്തിലുണ്ടെന്ന് ആരോഗ്യവകുപ്പ് അധികൃതർ അറിയിച്ചു.

യോഗത്തിൽ എക്സിക്യൂട്ടീവ് ഓഫീസർ വി എസ് രാജേന്ദ്രപ്രസാദ്, സ്പെഷ്യൽ ഓഫീസർ സുജിത്ത്ദാസ്, ഡ്യൂട്ടി മജിസ്ട്രേറ്റ് ജയമോഹൻ എന്നിവർ പങ്കെടുത്തു.

(പി.ആർ. ശബരി–322)

## ബാരിക്കേഡ് നിർമാണം അവസാനഘട്ടത്തിൽ

മകരജ്യോതി ദർശനത്തിന് മുന്നോടിയായി ഭക്തരുടെ സുരക്ഷ മുൻനിർത്തി ദേവസ്വം ബോർഡ് മരാമത്ത് വിഭാഗം നിർമിക്കുന്ന ബാരിക്കേഡ് നിർമാണം അവസാനഘട്ടത്തിൽ. സന്നിധാനം മരക്കൂട്ടം ഭാഗത്ത് ബാരിക്കേഡ് നിർമാണം പൂർത്തിയായി വരുകയാണ്. സ്വാമി അയ്യപ്പൻ റോഡിന്റെ ഇടതുഭാഗം വടംകെട്ടി തിരിക്കുന്നു. സ്വാമി അയ്യപ്പൻ റോഡിന്റെ കുത്തനെയുള്ള ചരിവുകളിൽ ബാരിക്കേഡ് നിർമിക്കുന്നുണ്ട്. ആയിരക്കണക്കിന് ഭക്തർ ദർശനത്തിന് കേന്ദ്രീകരിക്കുന്ന പാണ്ടിത്താവളത്ത് റോഡിന്റെ ഇരുവശവും താൽക്കാലിക ബാരിക്കേഡ് നിർമിച്ചിട്ടുണ്ട്. ബഹുനില കെട്ടിടത്തിന് മുകളിലും ഡോണർ ഹൗസിന് മുകളിലും മകരവിളക്ക് ദിവസം തീർഥാടകർ തമ്പടിക്കാതിരിക്കാൻ നേരത്തേ തന്നെ കവാടം പൂട്ടിയിരിക്കണമെന്ന് പോലീസ് നിർദേശിച്ചിട്ടുണ്ട്. ഭക്തർക്ക് അപകടം ഉണ്ടാകാതിരിക്കാനാണിത്.

വാട്ടർടാങ്ക്, അന്നദാനമണ്ഡപത്തിന്റെ സമീപപ്രദേശം, ദർശനം കോംപ്ലക്സ്, പോലീസ് വി.എച്ച്.എഫ് സ്റ്റേഷൻ എന്നിവിടങ്ങളിലും ബാരിക്കേഡ് തീർക്കുന്നണ്ട്. പമ്പഭാഗത്തും പോലീസ് നിർദേശപ്രകാരം ആവശ്യമായ ഇടങ്ങളിൽ ബാരിക്കേഡ് പൂർത്തിയാക്കിയിട്ടുണ്ട്. കുത്തനെ ചരിവുള്ള പ്രദേശങ്ങളിലെല്ലാം പോലീസിന്റെ നിർദേശം കൂടി പരിഗണിച്ച് ബാരിക്കേഡ് നിർമിച്ചിട്ടുണ്ടെന്ന് ദേവസ്വം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ കെ സുനിൽകുമാർ അറിയിച്ചു.

(പി.ആർ. ശബരി–323)

## ചെന്നൈയിൽ നിന്നുള്ള അയ്യപ്പഭക്ത കൂട്ടായ്മ സംഗീതാർച്ചന നടത്തി

ചെന്നൈ ആസ്ഥാനമായുള്ള രാജശേഖരപാണ്ഡ്യ ഭക്ത സമിതി പ്രതിനിധി ഡോ. അയ്യപ്പനും സംഘവും സന്നിധാനം വലിയ നടപ്പന്തലിൽ സംഗീതാർച്ചന നടത്തി. 'തെൻട്രൽ ഇസൈ കുഴു' എന്ന സംഗീത സംഘത്തിന്റെ ഭാഗമായാണ് സന്നിധാനത്ത് അയ്യപ്പഭക്തർ പാടിയത്. 45 പേരടങ്ങുന്ന സംഘത്തിൽ കൂടുതൽ പേരും ശാസ്ത്ര സാങ്കേതിക മേഖലകളിൽ പ്രവർത്തിക്കുന്നവരാണ്.70 വയസുള്ള ഡോ. ലക്ഷമണൻ സ്വാമി മുതൽ 9 വയസുള്ള വൈഷണവി എന്ന മാളികപ്പുറം വരെ സംഘത്തിലുണ്ട്. ലക്ഷമണൻ സാമി ഇത് മുപ്പത്തിയെട്ടാമത് തവണയാണ് സന്നിധാനത്ത് ദർശനത്തിനായി എത്തിയത്. നിരവധി ഇടങ്ങളിൽ അയപ്പ ഭക്തിഗാനങ്ങൾ അവതരിപ്പിച്ചു വരുന്ന ഇസൈ തെൻട്രൽ സംഗീത ഗ്രൂപ്പ് ആറാമത്തെ വർഷമാണ് സന്നിധാനത്ത് തുടർച്ചയായി പരിപാടി അവതരിപ്പിക്കുന്നത്. പ്രശസ്തമായ അയ്യപ്പഭക്തി ഗാനങ്ങളാണ് സംഘം അവതരിപ്പിച്ചത്.

(പി.ആർ. ശബരി–324)

# മകരവിളക്ക്: പോലിസുമായി ചേർന്ന് ദ്രുതകർമ്മസേന കൂടുതൽ സുരക്ഷ ഒരുക്കും

മകരവിളക്ക് ദർശനത്തിനു ശേഷം പോലീസുമായി ചേർന്ന് സന്നിധാനത്തെ തീർത്ഥാടക തിരക്ക് നിയന്ത്രിച്ച് ഭക്തർക്ക് സുരക്ഷ ഒരുക്കാൻ സന്നിധാനത്ത് ദ്രുത കർമ്മ സേന ഒരുങ്ങിക്കഴിഞ്ഞു. കോ യംമ്പത്തൂരിൽ നിന്നുള്ള ആർ .എ .എഫ് 105 ബെറ്റാലിയൻ ആണ് സന്നിധാനത്ത് സുരക്ഷ ഒരുക്കുന്നത്. മലയാളി ആയ ഡെപ്യൂട്ടി ക മാൻഡൻറ് ജി. ദിനേശിന്റെ നേതൃത്വത്തിൽ 150 ഓളം സേനാംഗങ്ങൾ സന്നിധാനത്ത് ഉണ്ട്.

മകരവിളക്കിന് മുന്നോടിയായി ഭക്തർ കൂടുതലായി തമ്പടിക്കുന്ന പാണ്ടിത്താവളം, കൊപ്രാക്കളം മാളികപ്പുറത്തിന് പിൻഭാഗം , മകരജ്യോതി ദൃശ്യമാകുന്ന മറ്റു സ്ഥലങ്ങൾ എന്നിവടങ്ങളിൽ പോലീസുമായി ചേർന്ന് പരിശോധന നടത്തി. അയൽ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന അയ്യപ്പഭക്തരെ സഹായിക്കാനായി ആന്ധ്ര, തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ നിന്നുള്ള സേനാംഗങ്ങൾ സന്നിധാനത്തുണ്ട്. പതിനെട്ടാം പടിക്ക് സമീപത്തും സ്റ്റാഫ് ഗേറ്റിന് സമീപത്തും സ്ഥാപിച്ചിരിക്കുന്ന വാച്ച്ടവറുകളിൽ നിന്ന് സന്നിധാനത്ത് ഇവരുടെ സുരക്ഷ കണ്ണുകൾ എപ്പോഴും ഉണ്ട്. എല്ലാ ദിവസവും ശബരിമല വൃത്തിയായി സൂക്ഷിക്കാൻ ഒരു മണിക്കൂറോളം പുണ്യം പൂങ്കാവനം പദ്ധതിയുടെ ഭാഗമാകുന്നുമുണ്ട് ഇവർ.

(പി.ആർ. ശബരി-325)



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 10 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

### ദുരന്തമുഖത്തെ രക്ഷാ പ്രവർത്തനം, സന്നിധാനത്ത് പരിശീലനം നൽകി

പത്തനംതിട്ട ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ സന്നിധാനത്ത് വിവിധ സേനകളിലെ ഉദ്യോഗസ്ഥർക്കായി ദുരന്തനിവാരണ പരിശീലന പരിപാടി സംഘടിപ്പിച്ചു. ദേവസ്വം കോൺഫ്രൻസ് ഹാളിൽ നടന്ന പരിശീലന പരിപാടിയിൽ തിരുവല്ല ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ് ആശുപത്രിയിലെ എമർജൻസി മെഡിസിൻ വിഭാഗം തലവൻ ഡോക്ടർ ജിജു ജോസഫ് ക്ലാസുകൾ നയിച്ചു. അപകടം സംഭവിച്ച് സ്ഥലത്ത് എങ്ങനെ പ്രവർത്തിക്കണം, അപകടത്തിൽ പെട്ട ആളുകൾക്ക് കൊടുക്കേണ്ട അടിയന്തിര പ്രഥമ ശുശ്രൂഷകൾ, അശുപത്രിയിൽ എത്തിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ, പാമ്പോ മറ്റു വന്യജീവികളോ കടിച്ചാൽ സ്വീകരിക്കേണ്ട സുരക്ഷാ മാർഗങ്ങൾ എന്നിവയെ പറ്റി അദ്ദേഹം വിശദീകരിച്ചു. തിരുവല്ല സബ് കലക്ടർ വിനയ് ഗോയൽ, സന്നിധാനം ഡ്യൂട്ടി മജിസ്ട്രേറ്റ് വി. ജയമോഹൻ വിവിധ സേനകളിലെ മുതിർന്ന ഉദ്യോഗസ്ഥർ, വിവിധ വകുപ്പ് മേധാവികൾ എന്നിവർ പങ്കെടുത്തു.

**(പി.ആർ. ശബരി-326)**

# അയപ്പ ഭക്തൻ മരിച്ചു

ഹൃദയാഘാതത്തെ തുടർന്ന് തമിഴ്നാട് തിരുനെൽവേലി സ്വദേശിയായ ശങ്കർ വീര സുബ്രഹ്മണ്യൻ( 52) എന്ന അയ്യപ്പഭക്തൻ മരിച്ചു. നീലിമലയിൽ നിന്നു പമ്പയിലെത്തിച്ച മൃതദേഹം പത്തനംതിട്ട ജനറൽ ആശുപത്രിയിലേക്ക് കൊണ്ടുപോയി.

**(പി.ആർ. ശബരി-327)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 10 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

## ഗാനഗന്ധർവ്വന്റെ ആയൂരാരോഗ്യ സൗഖ്യത്തിന് ശബരിമലയിൽ വഴിപാട്

'ഹരിവരാസനം' മലയാളിക്ക് സമ്മാനിച്ച ശബ്ദാനുഭൂതിയുടെ ഉടമ ഗാനഗന്ധർവ്വൻ യേശുദാസിന്റെ ആയൂരാരോഗ്യ സൗഖ്യത്തിനായി ശബരിമലയിൽ വെള്ളിയാഴ്ച ഗണപതി ഹോമവും പൂജയും നടത്തി. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സാംസ്കാരിക സംഘടന തിടമ്പിന്റെ നേതൃത്വത്തിലാണ് സന്നിധാനത്ത് വഴിപാടുകൾ നടത്തിയത്. യേശുദാസിന്റെ ചെന്നൈയിലെ വീട്ടിൽ നിന്ന് നെയ്മുദ്ര നിറച്ച് അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറി രോഹിത്തിന്റെ കൈവശം കൊടുത്തയയ്ക്കുകയും ചെയ്തു. ഇത് വെള്ളിയാഴ്ച ക്ഷേത്രത്തിൽ സമർപ്പിച്ചു. രാവിലെ നെയ്യഭിഷേകവും അദ്ദേഹത്തിന്റെ പേരിൽ നടന്നു. ഗാനഗന്ധർവനും കുടുംബവും നിലവിൽ മൂകാംബികയിലാണ്.

ശബരിമല ഉറങ്ങുന്നത് 'ഹരിവരാസനം വിശ്വമോഹനം' എന്ന ഗാനഗന്ധർവ്വന്റെ ശബ്ദം കേട്ടുകൊണ്ടാണ്. യേശുദാസിന്റെ 80-ാം പിറന്നാൾ വേളയിലും അയ്യപ്പഭക്തർക്ക് നിർവൃതിയായി ഹരിവരാസനം ശബരീശ സന്നിധിയിൽ മുഴങ്ങുന്നു. തിടമ്പ് വൈസ് പ്രസിഡന്റ് വി പ്രിയദർശനകുമാർ, ദേവസ്വംബോർഡ് പി.ആർ.ഒ സുനിൽ അരുമാനൂർ, റോബിൻ, വിനോദ്, അനിൽകുമാർ, വിജയകുമാർ, ഉദയൻ മുഖത്തല, മാധവൻപിള്ള എന്നിവർ സോപാനത്ത് എത്തിയാണ് പൂജകൾ കഴിപ്പിച്ചത്. രോഹിത് പൂജിച്ച പ്രസാദം ഗാനഗന്ധർവ്വനുവേണ്ടി ഏറ്റുവാങ്ങി

(പി.ആർ. ശബരി-328)

## ശബരിമല നാളത്തെ(11-01-2020)ചടങ്ങുകൾ

| | |
|---|---|
| പുലർച്ചെ 2.45 ന് | പള്ളിയുണർത്തൽ |
| 3 മണിക്ക് | തിരുനട തുറക്കൽ |
| 3.05 ന് | നിർമ്മാല്യ ദർശനം |
| 3.10 ന് | അഭിഷേകം |
| 3.15 മുതൽ 7 മണി വരെ | നെയ്യഭിഷേകം |
| 3.30 ന് | ഗണപതിഹോമം |
| 7.30 ന് | ഉഷപൂജ |
| 8 മണി മുതൽ 11.15 വരെ നെയ്യഭിഷേകം തുടരും | |
| 11.45ന് | കലശാഭിഷേകം |
| 12 മണിക്ക് | കളഭാഭിഷേകം |
| 12.30ന് | ഉച്ചപൂജ |
| 1 മണിക്ക് | നട അടയ്ക്കും |
| വൈകിട്ട് 4 മണിക്ക് | തിരുനട തുറക്കൽ |
| 6.30ന് | ദീപാരാധന |
| 7 മണിക്ക് | പുഷ്പാഭിഷേകം |
| 9.30 ന് | അത്താഴപൂജ |

രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി / JANUARY | 10 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-4

ഫോൺ : 04735-202664

*www.sabarimala.kerala.gov.in, prdsabarimala2020@gmail.com*

---

### മകരജ്യോതി ദർശിക്കുന്ന വ്യൂ പോയിന്റുകളിൽ സംയുക്ത പരിശോധന

തീർഥാടകർ മകരജ്യോതി ദർശിക്കുന്ന സ്ഥലങ്ങളിൽ ലാൻഡ് റവന്യൂ, പോലീസ്, അഗ്നി ശമനസേന, ആരോഗ്യം, വനം, ജലസേചനം, വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, തദ്ദേശ സ്വയം ഭരണം, പൊതുമരാമത്ത് (നിരത്ത് / കെട്ടിടം), തിരുവിതാംകൂർ ദേവസ്വം ബോർഡ് തുടങ്ങിയ വിവിധ വകുപ്പുകളുടെയും അഖിലഭാരത അയ്യപ്പസേവാ സംഘത്തിന്റെയും പങ്കാളിത്തത്തോടെ സംയുക്ത പരിശോധന നടത്തും. തീർഥാടകർ മകരജ്യോതി ദർശിക്കുന്ന സ്ഥലങ്ങളിൽ ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ, അപകടാവസ്ഥ എന്നിവ പരിശോധിക്കുന്നതിനു ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ ജനുവരി 12 ന് വിവിധ വകുപ്പുകളുമായി ചേർന്നു സംയുക്ത പരിശോധന നടത്തും. പരിശോധനയിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ രാവിലെ ഒൻപതിനു ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ കാര്യാലയത്തിൽ (നിലയ്ക്കൽ ബേസ് ക്യാമ്പിലെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ളതായ അഡ്മിനിസട്രേറ്റീവ് കാര്യാലയം ) ഔദ്യോഗിക വാഹനത്തിൽ എത്തിചേരണം.

**(പി.ആർ. ശബരി-329)**

## പുണ്യം പൂങ്കാവനം സമാപനം 16 ന്

പുണ്യം പൂങ്കാവന ശുചീകരണ യജ്ഞ ബോധവല്‍ക്കരണ പരിപാടിയുടെ സമാപന സമ്മേളനം ജനുവരി 16 ന് രാവിലെ 10 ന് പമ്പ ഗവണ്‍മെന്റ് ആശുപത്രിക്ക് എതിര്‍വശത്തുള്ള ശ്രീരാമസാകേതം ഓഡിറ്റോറിയത്തില്‍ നടക്കും. സമ്മേളനത്തില്‍ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബഹ്റ, ഐ.ജി: പി.വിജയന്‍, ശബരിമല അഡീഷണല്‍ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് എന്‍.എസ്.കെ ഉമേഷ് , വിവിധ ഡിപ്പാര്‍ട്ട്മെന്റ് ഉദ്യോഗസ്ഥര്‍, സാമൂഹ്യ സന്നദ്ധ സംഘടനാ ഭാരവാഹികള്‍ തുടങ്ങിയവര്‍ പങ്കെടുക്കും.

**(പി.ആര്‍. ശബരി-330)**

